ഉത്തരം

(എ) ഈ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മൂന്നു കോടിയിലധികം രൂപ മതിപ്പുചെലവും വരുന്ന പദ്ധതികളാണ് ഇ.പി.സി.എം. സംവിധാനം മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തരം പദ്ധതിയുടെ ഇൻടേക്ക് മുതൽ വിതരണശൃംഖല ആരംഭിക്കുന്നതുവരെയുള്ള ഘടകങ്ങളായ ഇൻടേക്ക് വെൽ, ശുദ്ധീകരണശാല, പമ്പിംഗ്മെയിൻ, ട്രാൻസ്മിഷൻ മെയിൻ, പമ്പ് ഹൗസ്, മെക്കാനിക്കൽ ഇലക്ട്രിക്കൽ സംവിധാനങ്ങൾ എന്നിവ പൂർണ്ണമായി ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു. നിലവിലുള്ള രീതിയനുസരിച്ച് ഈ ഘടകങ്ങൾ വെവ്വേറെ കോൺട്രാക്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ ഘടകങ്ങളെല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ടവയാണ്. ആകയാൽ ഏതെങ്കിലും ഒരു ഘടകം കോൺട്രാക്ടറുടെ അലംഭാവം കൊണ്ടോ സാധനസാമഗ്രികളുടെ അഭാവം മൂലമോ, പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ പദ്ധതിയെ മൊത്തമായി ബാധിക്കും. എന്നാൽ ഇ.പി.സി.എം. സംവിധാനം മുഖേന ഈ ബുദ്ധിമുട്ട് ഒഴിവാക്കാനാവും. പദ്ധതിയുടെ വിതരണശൃംഖല ഒഴിച്ചുള്ള എല്ലാ ഘടകങ്ങളും തെരഞ്ഞെടുത്ത ഒരു കരാറുകാരനെ ഏൽപ്പിക്കുകയും, പദ്ധതിയ്ക്ക് ആവശ്യമായ പൈപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ സാധനസാമഗ്രികളും നൽകേണ്ടത് കരാറുകാരന്റെ ചുമതലയായതുകൊണ്ട് പദ്ധതി നിശ്ചയിച്ചിട്ടുള്ള സമയത്തുതന്നെ പൂർത്തിയാക്കാൻ കഴിയും.

(സി) മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് യോഗ്യതയുള്ള കോൺട്രാക്ടർമാരിൽനിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെക്നിക്കൽബിഡ്ഡ് പ്രകാരം തൃപ്തികരമായ കരാറുകാരുടെ പ്രൈസ് ബിഡ്ഡുകൾ മാത്രമേ തുറക്കുകയുള്ളൂ എന്നാണ് ഈ ടെണ്ടറുകളുടെ ഒരു പ്രത്യേകത. ഇ.പി.സി.എം. കരാറുവഴി പൂർത്തിയാക്കപ്പെട്ട പദ്ധതിയുടെ പ്രവർത്തനം (ഓപ്പറേഷൻ, മെയിന്റനൻസ്, റിപ്പയർസ് മുതലായവ) ഒരു വർഷത്തേക്ക് കരാറുകാരൻ തന്നെയായിരിക്കും നടത്തേണ്ടത്. അടുത്ത ഒരു വർഷത്തേയ്ക്ക് പ്രവർത്തനക്ഷമതയ്ക്ക് വാറണ്ടിയും കരാറുകാരൻ നൽകണം.

(ഡി) ടെണ്ടറുകൾ നൽകേണ്ടതിനും പറഞ്ഞിട്ടുള്ള യോഗ്യതയുള്ള കരാറുകൾക്ക് തുല്യ പരിഗണനയാണ് ലഭിക്കുന്നത്. പരിചയസമ്പന്നത ഒരു കരാറുകാരനു മാത്രമായി ലഭ്യമല്ലെങ്കിൽ പാർട്ണർഷിപ്പ് വ്യവസ്ഥയും നിബന്ധനകൾക്ക് വിധേയമായി അനുവദനീയമാണ്.

74 (470) കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി വീടുകളിലേക്ക് നൽകുന്ന ശുദ്ധജലത്തിന്റെ അളവ നിശ്ചയിക്കുന്നതിന് ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചിരിക്കുന്ന മീറ്റർ കേടുവന്നാൽ മാറ്റി സ്ഥാപിക്കുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ മീറ്റർ സ്ഥാപിക്കുന്നതിനും കേടുവന്നത് മാറ്റുന്നതിനും വാട്ടർ അതോറിറ്റി നേരിട്ടുതന്നെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേടാകുന്ന വാട്ടർ മീറ്റർ മാറ്റിസ്ഥാപിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഉപോഭോക്താവിനാണ്.

(ബി) ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻവേണ്ടി കേരള വാട്ടർ അതോറിറ്റി വിവിധ ധനസഹായ ഏജൻസികളിൽ നിന്നും വായ്പയെടുക്കുകയാണ് പതിവ്. വാട്ടർ അതോറിറ്റിയുടെ 1997-98 - ലെ വാർഷിക കണക്കനുസരിച്ച് പ്രതിമാസ വരുമാനത്തിന്റെ (വാട്ടർ ചാർജ്ജ്) 32.38% ധനകാര്യ സ്ഥാപനങ്ങൾക്ക് പലിശ നൽകേണ്ടിയും വരുന്നു. വാട്ടർ മീറ്റർ സ്ഥാപിക്കുന്ന ഉത്തരവാദിത്വം കൂടി ഏറ്റെടുക്കുകയാണെങ്കിൽ സാമ്പത്തിക ബാദ്ധ്യതയേറും. ഈ സാഹചര്യത്തിൽ നിലവിലുള്ള രീതിയാണ് ഉത്തമം.

75 (471) പല്ലിശ്ശേരിക്കുന്നിലെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ പല്ലിശ്ശേരിക്കുന്നിലെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായോ;

(ബി) ഈ ട്രീറ്റ്മെന്റ് പ്ലാന്റ് കൊണ്ട് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്ലാന്റിന്റെ പ്രവർത്തനത്തിന് ആകെ ചെലവായ തുക എത്ര;

(ഡി) പ്ലാന്റിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാറുകൾ ഉള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പണി പൂർത്തിയായി.

(ബി) ജല ശുദ്ധീകരണം

(സി) ഇതുവരെ 18.26 ലക്ഷം രൂപ ചെലവായി.

(ഡി) പ്ലാന്റിന്റെ പ്രവർത്തനത്തിൽ പറയത്തക്ക തകരാറുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൈപ്പ് ലൈനുകളിലും മറ്റും ഉണ്ടായ ലീക്കുകൾ യഥാസമയം നിയന്ത്രിച്ച് പ്രവർത്തനം നടന്നുവരുന്നു.

76 (472) കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കുവാനുള്ള തുക

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി :

206/2010.

LIBRARY ARCHIVES Kerala Legislative Assembly